# Telephone Conversation between PM and Prime Minister of Nepal

April 10, 2020

## പ്രധാനമന്ത്രിയും നേപ്പാൾ പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 10, 2020

പ്രധാന ശ്രീ നരേന്ദ്രമോദി ബഹുമാനപ്പെട്ട നേപ്പാൾ പ്രധാനമന്ത്രി ശ്രീ കെ പി ശർമ്മ ഒലിയുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

തുടർന്ന് കൊണ്ടിരിക്കുന്ന കോവിഡ്-19 പ്രതിസന്ധിയെയും അത് മൂലം രണ്ടു പ്രവിശ്യകളിലെയും പൗരന്മാരുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും എതിരെയുള്ള പ്രതിസന്ധികളും സംബന്ധിച്ചുള്ള കാഴ്ചപാടുകൾ ഇരു നേതാക്കളും പങ്കു വച്ചു. തങ്ങളുടെ രാജ്യങ്ങളിൽ പകർച്ചവ്യാധിയെ എതിരിടാനായി സ്വീകരിച്ച നടപടികൾ അവർ ചർച്ച ചെയ്തു.

പ്രധാനമന്ത്രി ഒലിയുടെ നേതൃത്വത്തിൽ നേപ്പാൾ സർക്കാർ പ്രതിസന്ധിയോട് പ്രതികരിച്ചത്തിനും കൈകാര്യം ചെയ്തതിനും കൂടാതെ ഈ വെല്ലുവിളി നേരിടുന്നതിനുള്ള നേപ്പാൾ ജനതയുടെ ശക്തമായ നിശ്ചയദാർഢ്യത്തിനും പ്രധാനമന്ത്രി മോഡി അഭിനന്ദനങ്ങൾ അറിയിച്ചു.

SAARC രാജ്യങ്ങളിൽ പകർച്ചവ്യാധിക്കെതിരായ പ്രതികരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾക്ക് പ്രധാനമന്ത്രിയ്ക്കായുള്ള തന്റെ അഭിനന്ദനം പ്രധാനമന്ത്രി ഒലി ആവർത്തിച്ചു.
നേപ്പാളിന് ഇന്ത്യ നൽകുന്ന ഉഭയകക്ഷി പിന്തുണയ്ക്കും അദ്ദേഹം നന്ദി പ്രകടിപ്പിച്ചു.

ഈ ആഗോള പകർച്ചവ്യാധിക്കെതിരെ പോരാടുന്നതിനായുള്ള നേപ്പാളിന്റെ പരിശ്രമങ്ങൾക്ക് സാധ്യമായ എല്ലാ പിന്തുണയും സഹായവും ഉറപ്പാക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി മോഡി ആവർത്തിച്ചു.

അതിർത്തികൾക്കിടയിലൂടെയുള്ള അവശ്യവസ്തുക്കളുടെ വിതരണ സൗകര്യമുൾപ്പടെ കോവിഡ്-19 സാഹചര്യത്തിൽ നിന്നുളവാകുന്ന എല്ലാ പ്രശ്നങ്ങളെയും കൈകാര്യം ചെയ്യുന്നതിന് അതാതു രാജ്യങ്ങളിലെ വിദഗ്ധരും ഉദ്യോഗസ്ഥരും സമ്പർക്കം തുടരുമെന്നും പ്രവർത്തനങ്ങൾ പരസ്പരം ഏകോപിപ്പിക്കുന്നതാണെന്നും ഇരു നേതാക്കളും സമ്മതിച്ചു.

പ്രധാനമന്ത്രി ഒലിയുടെയും നേപ്പാൾ ജനതയുടെയും നല്ല ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും പ്രധാനമന്ത്രി ആശംസകൾ അറിയിച്ചു.

**ന്യൂ ഡൽഹി**
**ഏപ്രിൽ 10, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.